# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7381

14/7/2014- ൽ മറുപടിക്ക്

**<u>മുനിസിപ്പൽ കോമൺ സർവ്വീസിലെ ജെ.പി.എച്ച്.എൻ -മാർക്കുള്ള പ്രൊമോഷൻ തസ്തികകൾ</u>**

| ചോദ്യം<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
|---|---|
| (എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ ജെ.പി.എച്ച്.എൻ-മാർക്കുള്ള പ്രൊമോഷൻ തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് നഴ്സ്മാരുടെ തസ്തികയാണ് നിലവിലുള്ളത്. അവർക്ക് പ്രൊമോഷൻ തസ്തികകൾ അനുവദിച്ചിട്ടില്ല. |
| (ബി മുനിസിപ്പൽ കോമൺ സർവ്വീസിൽ ആകെ എത്ര ജെ.പി.എച്ച്.എൻ-മാർ ജോലി ചെയ്യുന്നുണ്ടെന്നും അവർ ഏതെല്ലാം നഗരസഭകളിലാണ് ജോലി ചെയ്യുന്നത് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരുടെ 172 തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ 164 പേർ ഇപ്പോൾ ജോലിനോക്കുന്നുണ്ട്. പ്രസ്തുത തസ്തികയിൽ വിവിധ നഗരസഭകളിൽ ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (സി) മുനിസിപ്പൽ കോമൺ സർവ്വീസിൽ നിയമനം ലഭിക്കുന്ന ജെ.പി.എച്ച്.എൻ-മാർ അതേ തസ്തികയിലിരുന്നാണ് റിട്ടയർ ചെയ്യുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) മുനിസിപ്പൽ കോമൺ സർവ്വീസിലെ 2ാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയ്ക്ക് പ്രൊമോഷൻ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ടി തസ്തികയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ അതേ തസ്തികയിലിരുന്നുതന്നെയാണ് റിട്ടയർ ചെയ്യുന്നത്. എന്നാൽ ടി ജീവനക്കാർക്ക് കാലകാലങ്ങളിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ച് നൽകുന്നുണ്ട്. |
| (ഡി) ഇവർക്ക് പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 31 |
| 2. | കൊല്ലം | 12 |
| 3. | കൊച്ചി | 19 |
| 4. | തൃശൂർ | 4 |
| 5. | കോഴിക്കോട് | 18 |
| 6. | നെയ്യാറ്റിൻകര | 2 |
| 7. | ആറ്റിങ്ങൽ | 3 |
| 8. | പുനലൂർ | 3 |
| 9. | പത്തനംതിട്ട | 4 |
| 10. | തിരുവല്ല | 1 |
| 11. | ആലപ്പുഴ | 6 |
| 12. | കായംകുളം | 1 |
| 13. | ചേർത്തല | 4 |
| 14. | മാവേലിക്കര | 1 |
| 15. | ചെങ്ങന്നൂർ | 1 |
| 16. | കോട്ടയം | 3 |
| 17. | ചങ്ങനാശ്ശേരി | 4 |
| 18. | വൈക്കം | 1 |
| 19. | പാലാ | 1 |
| 20. | പെരുമ്പാവൂർ | 2 |
| 21. | നോർത്ത് പറവൂർ | 2 |
| 22. | മൂവാറ്റുപുഴ | 2 |
| 23. | തൃപ്പൂണിത്തുറ | 1 |
| 24. | കോതമംഗലം | 1 |
| 25. | ഇരിങ്ങാലക്കുട | 2 |
| 26. | ചാലക്കുടി | 2 |
| 27. | കൊടുങ്ങല്ലൂർ | 2 |
| 28. | ചാവക്കാട് | 2 |
| 29. | ഗുരുവായൂർ | 1 |
| 30. | പാലക്കാട് | 7 |
| 31. | ഷൊർണ്ണൂർ | 1 |
| 32. | മലപ്പുറം | 2 |
| 33. | തിരൂർ | 1 |
| 34. | മഞ്ചേരി | 3 |
| 35. | പെരിന്തൽമണ്ണ | 1 |
| 36. | കണ്ണൂർ | 2 |
| 37. | വടകര | 6 |
| 38. | കാസർകോട് | 1 |
| 39. | വർക്കല | 3 |
| 40. | കുന്നംകുളം | 1 |

സെക്ഷൻ ഓഫീസർ.